## റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി

10 (356) ശ്രീ. പാലോട് രവി :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതി മുഖേന എത്രത്തോളം വൈദ്യുതിയാണ് ഗ്രണഭോക്താവിന് ലഭിക്കാവുന്നത് ; വിശദമാക്കുമോ ?

### ഉത്തരം

(എ) അനെർട്ടിന്റെ ആഭിമുഖ്യത്തിൽ വികേന്ദ്രീകൃതമായ സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ 10,000 വീടുകളിലായി ഒരു കിലോ വാട്ട് പ്ലാന്റുകൾ സ്ഥാപിച്ച് 10 മെഗാവാട്ട് ഊർജ്ജോത്പാദനം കൈവരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ കേരളത്തിലെ നോഡൽ ഏജൻസി അനെർട്ടാണ്.

(സി) മേൽപ്പറഞ്ഞ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര നവ നവീകരണീയ മന്ത്രാലയത്തിൽ ചാനൽ പാർട്ട്ണേഴ്സായി രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിൽ നിന്നും മൽസരാധിഷ്ഠിത രീതിയിൽ അനെർട്ട് തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഒരു കിലോവാട്ട് സൗരോർജ്ജ പാനലിൽനിന്നും സൂര്യപ്രകാശത്തിന്റെ ലഭ്യതയനുസരിച്ച് പ്രതിദിനം പരമാവധി 3.5-4 യൂണിറ്റ് വൈദ്യുതി ലഭ്യമാകും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly